**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **08-08-2023 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് തടയുന്നതിനായി കേരള പോലീസിന്റെ ഒരു കേന്ദ്രീകൃത കോൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1930) പ്രവർത്തിച്ചുവരുന്നു.<br><br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈബർ ക്രൈം പ്രിവൻഷൻ എഗയിൻസ്റ്റ് വിമൻ ആന്റ് ചിൽഡ്രൻ (CCPWC) പ്രോജക്റ്റ്. ഈ പ്രോജക്റ്റിന്റെ ഭാഗമായി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടി സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (www.cybercrime.gov.in) എന്ന വെബ് പോർട്ടൽ നിലവിലുണ്ട്. ഈ പോർട്ടലിൽ പ്രധാനമായും Child Pornography, Rape, Gang Rape എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.<br><br>സൈബർ സുരക്ഷയും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി സംസ്ഥാനത്ത് സൈബർ ഡോം രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനു പുറമേ കോഴിക്കോടും കൊച്ചിയിലും സൈബർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.<br><br>മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധ അധോലോക വിപണികളുടെ കേന്ദ്രമായ ഡാർക്ക് വെബിലെ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക്ക് |

| | | | |
|---|---|---|---|
| | | | വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുവാനും സാധിക്കുന്നുണ്ട്.<br><br>ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സിസിടിവി ഫൂട്ടേജുകൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് കൃത്രിമ ബുദ്ധി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു.<br><br>സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പ സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ, CDR (Call Detail Record), CDF (Common Data Format), ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും സർവീസ് പ്രൊവൈഡറിൽ നിന്നും ലഭിക്കുന്ന മറ്റുവിവരങ്ങൾ, അനുബന്ധരേഖകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തും മേൽ വിവരിച്ച പ്രകാരമുള്ള സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തെളിവുകൾ ശേഖരിച്ചും ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>ADGP SCRB ക്ക് കീഴിൽ IG Cyber Operations, SP (ICT & Cyber Operations) എന്നീ തസ്തികകൾ സൃഷ്ടിച്ചും സൈബർ മേഖലയെ നിരീക്ഷിക്കുന്നതിന് സൈബർ കുറ്റകൃത്യങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ എസ്.പി ടെക്നിക്കൽ ഇന്റലിജൻസ് വിഭാഗത്തിന് കീഴിൽ പ്രത്യേക നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുള്ള പരിശീലനം കേരള പോലീസ് അക്കാദമിയിൽ നൽകി വരുന്നുണ്ട്. പ്രത്യേക പരിശീലനം നേടിയ പോലീസുകാരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തലത്തിൽ ഇത്തരം കേസുകളുടെ അന്വേഷണത്തിന് പരിശീലനം ലഭിച്ച ഒരു സൈബർ ഫോറൻസിക് ടീം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പോലീസ് സേനയിൽ സൈബർ വിംഗിൽ കൂടുതൽ ആളുകൾക്ക് പരിശീലനം നൽകി ഈ വിഭാഗത്തിന്റെ | (ബി) | ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് തടയുന്നതിനായി കേരള പോലീസിന്റെ ഒരു കേന്ദ്രീകൃത കോൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1930) പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | അംഗബലം വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | | സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈബർ ക്രൈം പ്രിവൻഷൻ എഗയിൻസ്റ്റ് വിമൻ ആന്റ് ചിൽഡ്രൻ (CCPWC) പ്രോജക്റ്റ്. ഈ പ്രോജക്റ്റിന്റെ ഭാഗമായി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടി സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (www.cybercrime.gov.in) എന്ന വെബ് പോർട്ടൽ നിലവിലുണ്ട്. ഈ പോർട്ടലിൽ പ്രധാനമായും Child Pornography, Rape, Gang Rape എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.<br><br>സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി സംസ്ഥാനത്ത് സൈബർ ഡോം രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനു പുറമേ കോഴിക്കോടും കൊച്ചിയിലും സൈബർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.<br><br>മയക്കുമരുന്ന്, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധ അധോലോക വിപണികളുടെ കേന്ദ്രമായ ഡാർക്ക് വെബിലെ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്തുവാനും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തുവാനും സാധിക്കുന്നുണ്ട്.<br><br>ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സിസിടിവി ഫൂട്ടേജുകൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് കൃത്രിമ ബുദ്ധി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു.<br><br>സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പ സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ, CDR (Call Detail Record), CDF (Common Data Format), ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും സർവീസ് പ്രൊവൈഡറിൽ നിന്നും ലഭിക്കുന്ന മറ്റുവിവരങ്ങൾ, |

| | | | |
|---|---|---|---|
| | | | അനുബന്ധരേഖകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തും മേൽ വിവരിച്ച പ്രകാരമുള്ള സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തെളിവുകൾ ശേഖരിച്ചും ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>ADGP SCRB ക്ക് കീഴിൽ IG Cyber Operations, SP (ICT & Cyber Operations) എന്നീ തസ്തികകൾ സൃഷ്ടിച്ചും സൈബർ മേഖലയെ നിരീക്ഷിക്കുന്നതിന് സൈബർ കുറ്റകൃത്യങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ എസ്.പി ടെക്നിക്കൽ ഇന്റലിജൻസ് വിഭാഗത്തിന് കീഴിൽ പ്രത്യേക നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുള്ള പരിശീലനം കേരള പോലീസ് അക്കാദമിയിൽ നൽകി വരുന്നുണ്ട്. പ്രത്യേക പരിശീലനം നേടിയ പോലീസുകാരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തലത്തിൽ ഇത്തരം കേസുകളുടെ അന്വേഷണത്തിന് പരിശീലനം ലഭിച്ച ഒരു സൈബർ ഫോറൻസിക് ടീം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ